പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5181 05.07.2012 -ലെ മറുപടി

**കഞ്ചിക്കോട് റെയിൽ കോച്ച് ഫാക്ടറിക്ക് സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ചന്ദ്രൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | നിർദ്ദിഷ്ട കഞ്ചിക്കോട് റെയിൽ കോച്ച് ഫാക്ടറി പൊതുമേഖലയിലാണോ, സ്വകാര്യ മേഖലയിലാണോ, സംയുക്ത മേഖലയിലാണോ പ്രവർത്തിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | റെയിൽവേ കോച്ച് ഫാക്ടറി പദ്ധതി സൗകാര്യ പങ്കാളിത്തത്തോടെയുള്ള കൂട്ടു സംരഭമായിരിക്കുമെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. |
| (ബി) | സംയുക്ത മേഖലയിലാണെങ്കിൽ എത്ര ശതമാനം ഓഹരികളാണ് സ്വകാര്യ മേഖലയ്ക്ക് നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്; | (ബി) | വിവരം റെയിൽവേയിൽ നിന്നും ശേഖരിച്ച് നൽകുന്നതാണ്. |
| (സി) | എത്ര ഏക്കർ സ്ഥലമാണ് കോച്ച് ഫാക്ടറിക്കായി നൽകുവാൻ ഉദ്ദേശിക്കുന്നത്; | (സി) യും (ഡി) യും | ആവശ്യമുള്ള 430.59 ഏക്കർ ഭൂമി 01.02.2010 - ലെ ജി.ഒ(എം.എസ്)8/2010 നമ്പർ ഉത്തരവ് പ്രകാരം ഏറ്റെടുക്കാൻ തീരുമാനിക്കുകയും അതിൽ 429.27 ഏക്കർ ഭൂമി സംസ്ഥാന സർക്കാർ ഏറ്റെടുക്കുകയും ചെയ്തു.<br>പദ്ധതി സ്വകാര്യ പങ്കാളിത്തത്തോടെയുള്ള കൂട്ടു സംരഭമായി നടത്തുന്നതിനായി, ഭൂമി സർക്കാരിൽ നിന്നും വിലയ്ക്ക് വാങ്ങാമെന്ന് റെയിൽവേ നിർദ്ദേശിക്കുകയും, അവരുടെ ഇപ്പോഴത്തെ ആവശ്യപ്രകാരം 33.70 കോടി രൂപയ്ക്ക് 239 ഏക്കർ ഭൂമി കേന്ദ്ര റെയിൽ മന്ത്രാലയത്തിന് കൈമാറാൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ഇങ്ങനെ നൽകുന്ന സ്ഥലത്തിന് ഏക്കറിന് എന്തു വിലയാണ് നിശ്ചയിച്ചിട്ടുള്ളത് എന്നു വ്യക്തമാക്കുമോ; | | |
| (ഇ) | സ്ഥലം നൽകുന്ന സർക്കാരിന് കോച്ച് ഫാക്ടറിയിൽ ഓഹരികൾ ലഭിക്കുമോയെന്നു വെളിപ്പെടുത്തുമോ? | (ഇ) | വിവരം റെയിൽവേയിൽ നിന്നും ശേഖരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ